**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 97** | **03-02-2026 - ൽ മറുപടിയ്ക്ക്**

**ക്ഷേമനിധി പെൻഷൻ കുടിശിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ്,<br>ശ്രീമതി കെ. കെ. രമ,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. സി. ആർ. മഹേഷ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ് ഉൾപ്പെടെയുള്ള ക്ഷേമനിധി ബോർഡുകളിൽ പെൻഷൻ അടക്കമുള്ള ആനുകൂല്യങ്ങളുടെ വിതരണം മുടങ്ങിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | തൊഴിൽ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 16 ക്ഷേമനിധി ബോർഡുകളിലെ പെൻഷൻ അടക്കമുള്ള ആനുകൂല്യങ്ങളുടെ വിതരണം സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>തനതു ഫണ്ടിൽ നിന്നും ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്ന ബോർഡുകളായ കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കടകളും വാണിജ്യ സ്ഥാപനങ്ങളും ക്ഷേമനിധി ബോർഡ്, കേരള ചുമട്ടു തൊഴിലാളി ബോർഡ് (സ്കാറ്റേർഡ് വിഭാഗം ഒഴികെ), എന്നീ ബോർഡുകൾ കുടിശ്ശികയില്ലാതെ പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ എല്ലാം തന്നെ നാളിതുവരെ വിതരണം ചെയ്തിട്ടുണ്ട്. കേരള ലേബർ വെൽഫയർ ഫണ്ട് ബോർഡ് പെൻഷൻ നൽകുന്നില്ല. മറ്റ് ആനുകൂല്യങ്ങൾ കുടിശ്ശികയില്ലാതെ വിതരണം ചെയ്തിട്ടുണ്ട്.<br><br>സർക്കാർ സഹായത്തോടെ പെൻഷൻ വിതരണം ചെയ്യുന്ന കേരള ബീഡി ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ്, കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ചുമട്ടു തൊഴിലാളി ക്ഷേമനിധി ബോർഡ് (സ്കാറ്റേർഡ് വിഭാഗം) കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്, അസംഘടിത തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ആഭരണ തൊഴിലാളി ക്ഷേമനിധി |

ബോർഡ്, കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നീ ബോർഡുകളിൽ പെൻഷൻ ഡിസംബർ 2025 വരെ കുടിശ്ശികയില്ലാതെ വിതരണം ചെയ്തിട്ടുണ്ട്.

കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ 2024 ഒക്ടോബർ മുതലുള്ള പെൻഷൻ കുടിശ്ശികയായിട്ടുണ്ട്. അംശദായ റീഫണ്ട് ഒഴികെയുള്ള എല്ലാ ആനുകൂല്യങ്ങളും മാർച്ച് 2025 വരെ വിതരണം ചെയ്തിട്ടുണ്ട്. മാർച്ച് 2024 വരെയുള്ള അംശദായം റീഫണ്ട് വിതരണം ചെയ്തിട്ടുണ്ട്. ഇനിഷ്യൽ പെൻഷൻ ഇനത്തിലുള്ള തുകകളും കുടിശ്ശികയാണ്.

ബോർഡിന്റെ പ്രധാന വരുമാനം ബിൽഡിംഗ് സെസ്സ് പിരിവിലൂടെയാണ് ലഭിക്കുന്നത്. 1996-ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ സെസ്സ് നിയമവും 1998-ലെ കേന്ദ്ര ചട്ടങ്ങളും പ്രകാരം തൊഴിൽ വകുപ്പ് മുഖേനയാണ് ബിൽഡിംഗ് സെസ്സ് പിരിച്ചിരുന്നത്. തദ്ദേശ സ്വയം ഭരണ (ആർ.സി) വകുപ്പിന്റെ 14.02.2024 ലെ സ.ഉ(കൈ) നം.23/24/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം ബിൽഡിംഗ് സെസ്സ് പിരിവിന്റെ ചുമതല തദ്ദേശ സ്വയം ഭരണ വകുപ്പിന് നൽകിയിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ സോഫ്റ്റ് വെയറായ കെ. സ്മാർട്ടിൽ സെസ്സ് പിരിക്കുന്ന തിനാവശ്യമായ മൊഡ്യൂൾ, ഇൻഫർമേഷൻ കേരള മിഷൻ തയ്യാറാക്കുകയും ഇതിൻ പ്രകാരം ബിൽഡിംഗ് സെസ്സ് ഒടുക്കി എന്നുറപ്പ വരുത്തിയതിനു ശേഷം മാത്രം ഒക്യുപെൻസി സർട്ടിഫിക്കറ്റ് വിതരണം ചെയ്യുന്ന സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. മുൻപ് 30 കോടി രൂപയായിരുന്ന ബോർഡിന്റെ വരുമാനം ഇതോടെ 50 കോടിയായി വർദ്ധിച്ചിട്ടുണ്ട്. ഏകദേശം 64 കോടി രൂപയാണ് പ്രതിമാസപെൻഷൻ വിതരണത്തിനു ആവശ്യമുള്ളത്. കൂടാതെ മറ്റാനുകൂല്യ വിതരണത്തിനും ഭരണ ചെലവുകൾക്കുമായി 10 കോടി രൂപാ വേറെയും ആവശ്യമായിട്ടുണ്ട്. ഇക്കാരണങ്ങളാലാണ് പെൻഷനും ആനുകൂല്യങ്ങളും കുടിശ്ശികയായിട്ടുള്ളത്. പെൻഷൻ നിരക്കിലുള്ള വർദ്ധനവിനും, പെൻഷൻകാരുടെ എണ്ണത്തിലുള്ള വർദ്ധനവിനും അനുസൃതമായി സെസ്സ് കളക്ഷനിൽ വർദ്ധനവ് സംഭവിക്കാത്തതിനാലാണ് ബോർഡിന്റെ സാമ്പത്തിക പ്രതിസന്ധി രൂക്ഷമായത്.

കേരളാ തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിൽ ബാങ്ക് അക്കൗണ്ട് തകരാറുകൾ മൂലവും മസ്റ്ററിംഗ് ചെയ്യുന്നതിലുള്ള കാലതാമസം മൂലവും പെൻഷൻ

കുടിശ്ശികയായവരുണ്ട്.  ഇത് പരിഹരിക്കുന്നതിനുള്ള നടപടികൾ  സ്വീകരിച്ചുവരുന്നു.

 കേരള കർഷക തൊഴിലാളി ക്ഷേമനിധി പെൻഷൻ, സാമൂഹ്യ സുരക്ഷാ പെൻഷനോടൊപ്പം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയാണ് നൽകി വരുന്നത് .

 മറ്റാനുകൂല്യ വിതരണത്തിൽ ചില ബോർഡുകളിൽ താഴെ ചേർക്കുന്ന പ്രകാരം കുടിശ്ശികയുണ്ട്;

കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡിൽ പ്രസവധന സഹായ ഇനത്തിൽ 2022 മുതൽ കുടിശ്ശികയുണ്ട്. സർക്കാരിൽ നിന്നും തുക പ്രതിപൂരണം ചെയ്തു നൽകുന്ന  മുറയ്ക്കാണ് പ്രസവ ധനസഹായം വിതരണം ചെയ്യുന്നത്. നിലവിൽ 2025-26 വരെ 3611 അപേക്ഷകളിലായി 4,95,08,000/- രൂപ സർക്കാരിൽ നിന്നും പ്രതിപൂരണം ചെയ്തു നൽകുവാനുണ്ട്.

 കശുവണ്ടി തൊഴിലാളി ക്ഷേമനിധി ബോർഡിൽ അവശതാ പെൻഷൻ ഒഴികെയുള്ള എല്ലാ ആനുകൂല്യങ്ങളും സമയബന്ധിതമായി വിതരണം പൂർത്തിയാക്കിയിട്ടുണ്ട്.

   കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും ക്ഷേമ പദ്ധതികളായ അധിവർഷാനുകൂല്യം, മരണാനന്തര അധിവർഷാനുകൂല്യം, മാരകരോഗ അധിവർഷം, വിവാഹ ധനസഹായം, പ്രസവ ധനസഹായം, ചികിത്സാ ധനസഹായം, മരണാനന്തര സഹായം, വിദ്യാഭ്യാസ ധനസഹായം, ഉന്നതവിദ്യാഭ്യാസ ധനസഹായം എന്നീ ആനുകൂല്യങ്ങളാണ് നൽകി വരുന്നത്. അധിവർഷാനുകൂല്യമിനത്തിലാണ് ബോർഡിൽ കുടിശ്ശിക നില നിൽക്കുന്നത്. സർക്കാരിൽ നിന്നും ബജറ്റിൽ വകയിരുത്തി തുക നൽകുന്ന മുറയ്ക്കാണ് അധിവർഷാനുകൂല്യം നൽകിവരുന്നത്. ഇത്തരത്തിൽ 2018 മാർച്ച് വരെയുള്ള അധിവർഷാനുകൂല്യ അപേക്ഷകൾക്ക് ആനുകൂല്യം വിതരണം ചെയ്യുവാൻ സാധിച്ചിട്ടുണ്ട്. മറ്റ് ക്ഷേമാനുകൂല്യങ്ങളായ വിവാഹ ധനസഹായം, പ്രസവ ധനസഹായം, മാരകരോഗ അധിവർഷം, മരണാനന്തര അധിവർഷം എന്നിവയുടെ വിതരണം ഒരു പരിധിവരെ കാലികമാക്കുന്നതിനും, മരണാനന്തര സഹായം, ചികിത്സാ ധനസഹായം, വിദ്യാഭ്യാസ അവാർഡ് എന്നിവ അപേക്ഷ ലഭ്യമാകുന്ന മുറയ്ക്ക് തന്നെ വിതരണം ചെയ്യുന്നതിനും ബോർഡിന് സാധിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| | | | മറ്റ് ബോർഡുകളിൽ യാതൊരു ആനുകൂല്യങ്ങളിലും കുടിശ്ശിക നിലനിൽക്കുന്നില്ല. |
| (ബി) | പ്രസ്തുത ക്ഷേമനിധി ബോർഡുകളിൽ അംശാദായം അടച്ച നിരവധി വ്യക്തികളുടെ പെൻഷൻ അടക്കമുള്ള ആനുകൂല്യങ്ങൾ വർഷങ്ങളായി മുടങ്ങിയിട്ടുണ്ടോ; എങ്കിൽ കാരണം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ 2024 ഒക്ടോബർ മുതലുള്ള പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ കുടിശ്ശികയായിട്ടുണ്ട്. അംശദായ റീഫണ്ട് ഒഴികെയുള്ള എല്ലാ ആനുകൂല്യങ്ങളും മാർച്ച് 2025 വരെ വിതരണം ചെയ്തിട്ടുണ്ട്. മാർച്ച് 2024 വരെയുള്ള അംശദായം റീഫണ്ട് വിതരണം ചെയ്തിട്ടുണ്ട്. ഇനിഷ്യൽ പെൻഷൻ ഇനത്തിലുള്ള തുകകളും കുടിശ്ശികയാണ്.<br><br>പെൻഷൻ നിരക്കിലുള്ള വർദ്ധനവിനും, പെൻഷൻകാരുടെ എണ്ണത്തിലുള്ള വർദ്ധനവിനും അനുസൃതമായി സെസ്സ് കളക്ഷനിൽ വർദ്ധനവ് സംഭവിക്കാത്തതിനാലാണ് ബോർഡിന്റെ സാമ്പത്തിക പ്രതിസന്ധി രൂക്ഷമായത്.<br><br>കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ അധി വർഷാനുകൂല്യമിനത്തിലാണ് കുടിശ്ശിക നിലനിൽക്കുന്നത്. സർക്കാരിൽ നിന്നും ബജറ്റിൽ വകയിരുത്തി തുക ലഭ്യമാകുന്ന മുറയ്ക്കാണ് അധിവർഷാനുകൂല്യം നൽകിവരുന്നത്. ഇത്തരത്തിൽ 2018 മാർച്ച് വരെയുള്ള അധിവർഷാനുകൂല്യ അപേക്ഷകൾക്ക് ആനുകൂല്യം വിതരണം ചെയ്യുവാൻ സാധിച്ചിട്ടുണ്ട്.<br><br>കശുവണ്ടി തൊഴിലാളി ക്ഷേമനിധി ബോർഡിൽ അവശതാ പെൻഷൻ ഒഴികെയുള്ള എല്ലാ ആനുകൂല്യങ്ങളും സമയബന്ധിതമായി വിതരണം പൂർത്തിയാക്കിയിട്ടുണ്ട്.<br><br>കേരളാ ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡിൽ പ്രസവധന സഹായ ഇനത്തിൽ 2022 മുതൽ കുടിശ്ശികയുണ്ട്. സർക്കാരിൽ നിന്നും തുക പ്രതിപൂരണം ചെയ്തു ലഭിയ്ക്കുന്ന മുറയ്ക്കാണ് പ്രസവ ധനസഹായം വിതരണം ചെയ്യുന്നത്. നിലവിൽ 2025-26 വരെ 3611 അപേക്ഷകളിലായി 4,95,08,000/- രൂപ സർക്കാരിൽ നിന്നും പ്രതിപൂരണം ചെയ്തു ലഭിക്കുവാനുണ്ട്. |
| (സി) | പ്രസ്തുത ക്ഷേമനിധി ബോർഡുകളിൽ മുടങ്ങിക്കിടക്കുന്ന ക്ഷേമനിധി പെൻഷൻ കുടിശിക അടിയന്തരമായി നൽകാനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | **കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രധാന വരുമാനം ബിൽഡിംഗ് സെസ്സ് പിരിവിലൂടെയാണ് ലഭിക്കുന്നത്. 1996-ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ സെസ്സ് നിയമവും 1998-ലെ കേന്ദ്ര ചട്ടങ്ങളും പ്രകാരം തൊഴിൽ വകുപ്പ് മുഖേനയാണ് ബിൽഡിംഗ് സെസ്സ് പിരിച്ചിരുന്നത്. തദ്ദേശ സ്വയം ഭരണ (ആർ സി) വകുപ്പിന്റെ 14.02.2024 ലെ സ.ഉ** |

| | | | |
|---|---|---|---|
| | | | (കൈ)നം. 23/24/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം ബിൽഡിംഗ് സെസ്സ് പിരിവിന്റെ ചുമതല തദ്ദേശ സ്വയം ഭരണ വകുപ്പിന് നൽകിയിട്ടുണ്ട്. ഇതിൻ പ്രകാരം സെസ്സ് വരുമാനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടെങ്കിലും പെൻഷൻ കുടിശ്ശിക വിതരണം ചെയ്യുന്നതിനു ആയത് പര്യാപ്തമല്ല. പെൻഷൻ കുടിശ്ശിക വിതരണം അടിയന്തിരമായി ചെയ്യേണ്ട സാഹചര്യം പരിഗണിച്ച് വിവിധ ക്ഷേമബോർഡുകളിൽ നിന്നും സർക്കാരിന്റെ അനുമതിയോടെ വായ്പയെടുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ കേരള കള്ള് വ്യവസായ ക്ഷേമബോർഡിൽ നിന്നും 100 കോടി രൂപ വായ്പ ലഭിക്കുകയും ടി തുക പെൻഷൻ കുടിശ്ശിക ഇനത്തിൽ വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് കുടിശ്ശിക തുക വിതരണം ചെയ്യുന്നതാണ്.<br><br>മറ്റു ബോർഡുകളിൽ പെൻഷൻ കുടിശ്ശികയില്ല. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്-കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി സെസ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന പിരിച്ചെടുക്കുന്നതിനു അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്**

സ.ഉ.(കൈ) നം.23/2024/LSGD തീയതി,തിരുവനന്തപുരം, 14-02-2024

---

പരാമർശം:-
1. കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ വർക്കേഴ്സ് ഫെഡറേഷൻ (CITU) സ്റ്റേറ്റ് കമ്മിറ്റി സമർപ്പിച്ച നിവേദനം.
2. ബഹു. മുഖ്യ മന്ത്രിയുടെ അധ്യക്ഷതയിൽ, ബഹു. തദ്ദേശ സ്വയംഭരണ/തൊഴിൽ വകുപ്പ് മന്ത്രിമാരുടെ സാന്നിധ്യത്തിൽ 15.01.2024-ൽ നടന്ന ഉന്നത തല യോഗത്തിന്റെ നടപടിക്കുറിപ്പ്.

**ഉത്തരവ്**

കെട്ടിട നിർമാണ തൊഴിലാളി ക്ഷേമ ബോർഡ് നേരിടുന്ന കടുത്ത സാമ്പത്തിക പ്രതിസന്ധി പരിഹരിക്കപ്പെടുന്നതിലേക്കായി, 1996-ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ സെസ്സ് നിയമവും (28-ാം നമ്പർ കേന്ദ്രനിയമം) 1998-ലെ കേന്ദ്ര ചട്ടങ്ങളും പ്രകാരം തൊഴിൽ വകുപ്പു മുഖേന പിരിച്ചു വന്നിരുന്ന സെസ് ഇനി മുതൽ തദ്ദേശ സ്വയംഭരണ വകുപ്പ് വഴി പിരിച്ചെടുക്കുന്നതിനു നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് പരാമർശം (1) പ്രകാരം കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ വർക്കേഴ്സ് ഫെഡറേഷൻ (CITU) സ്റ്റേറ്റ് കമ്മിറ്റി സർക്കാരിൽ നിവേദനം സമർപ്പിച്ചിരുന്നു.

2) മേൽ വിഷയം പരാമർശം (2) പ്രകാരം നടന്ന ഉന്നത തല യോഗം ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി സെസ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന പിരിച്ചെടുക്കുന്നതിന് അനുമതി നൽകി കൊണ്ടും, ഇതിലേക്കായി ചുവടെ ചേർത്തിട്ടുള്ള മാർഗ്ഗ നിർദേശങ്ങൾ പുറപ്പെടുവിച്ചു കൊണ്ടും ഉത്തരവാകുന്നു.

I. സംസ്ഥാനത്തെമുഴുവൻ മുനിസിപ്പാലിറ്റികളിലും/കോർപ്പറേഷനുകളിലും 1996-ലെ ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ സെസ് നിയമവും (28-ാം നമ്പർ കേന്ദ്രനിയമം) 1998-ലെ കേന്ദ്ര ചട്ടങ്ങളും പ്രകാരമുള്ള സെസ് പിരിവ് 16.01.2024 തീയതി മുതൽ നടപ്പിലാക്കേണ്ടതാണ്.

II. സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും 1996-ലെ ബിൽഡിംഗ് ആന്റ് അദർ

കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ സെസ്സ് നിയമവും (28-ാം നമ്പർ കേന്ദ്രനിയമം) 1998-ലെ കേന്ദ്ര ചട്ടങ്ങളും പ്രകാരമുള്ള സെസ് പിരിവു 2024 ഏപ്രിൽ മുതൽ നടപ്പിലാക്കേണ്ടതാണ്.

III. 1996-ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ സെസ്സ് നിയമവും (28-ാം നമ്പർ കേന്ദ്രനിയമം) 1998-ലെ കേന്ദ്ര ചട്ടങ്ങളും പ്രകാരമുള്ള സെസ് പിരിവു പൂർണമായും, ഒറ്റ ഘട്ടമായി, ഒക്യുപെൻസി സർട്ടിഫിക്കറ്റ് നൽകുന്നതിന് മുൻപ് തന്നെ പിരിച്ചെടുക്കേണ്ടതാണ്.

IV. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സോഫ്റ്റ്‌വെയറായ കെ-സ്മാർട്ടിൽ സെസ് പിരിക്കുന്നതിനാവശ്യമായ മൊഡ്യൂൾ തീരുമാനിക്കുന്നതിന് ഇൻഫർമേഷൻ കേരളാ മിഷനെ ചുമതലപ്പെടുത്തുന്നു.

V. ഒക്യുപെൻസി സർട്ടിഫിക്കറ്റ് നൽകുന്നതിന് മുമ്പ് ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ സെസ് അടച്ചു എന്ന് ബന്ധപ്പെട്ട സെക്രട്ടറിമാർ ഉറപ്പാക്കേണ്ടതാണ്.

3) 1996-ലെ ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ സെസ് ആക്റ്റ് പ്രകാരം സെസ് ഇനത്തിൽ പിരിച്ചെടുക്കുന്ന തുകയുടെ 1% കളക്ഷൻ ചാർജായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഈടാക്കുന്നതാണ് .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഗീതാലക്ഷ്മി എം ബി
അഡിഷണൽ സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
2. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപന മേധാവികൾക്കും (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
3. ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം.
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് I/ഓഡിറ്റ്II), കേരള, തിരുവനന്തപുരം.
5. ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.
6. തൊഴിലും നൈപുണ്യവും വകുപ്പ്.
7. തദ്ദേശ സ്വയംഭരണ (ആർ.എ)/(ആർ.ബി)/(ആർ.ഡി)/(ഇ.ജി) വകുപ്പ്.
8. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
9. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.
10. ഐ & പി.ആർ.ഡി (വെബ് & ന്യൂ മീഡിയ)
11. കരുതൽ ഫയൽ/ഓഫീസ് കോപ്പി (തസ്വഭവ-ആർ സി 2/10/2022-തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
2. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
3. ബഹു. തൊഴിലും നൈപുണ്യവും വകുപ്പു മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.